# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *41 — 29-06-2015-ൽ മറുപടിക്ക്

## എൽ.എൻ.ജി. പദ്ധതിക്കുള്ള കേന്ദ്രസഹായം

### ചോദ്യം

ശ്രീ. ബാബു.എം.പാലിശ്ശേരി
ശ്രീ. എസ്.ശർമ്മ
ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)
ശ്രീമതി കെ.എസ്.സലീഖ

(എ) സംസ്ഥാനത്ത് എൽ.എൻ.ജി. പദ്ധതിക്ക് ലഭിക്കേണ്ട കേന്ദ്രസഹായം ലഭിക്കുന്നതിന് സാദ്ധ്യമല്ലാത്ത സാഹചര്യം നിലവിലുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) എൽ.എൻ.ജി. പദ്ധതിക്ക് അർഹമായ കേന്ദ്ര സഹായം ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത നടപടിക്രമങ്ങളിലേതെങ്കിലും പാലിക്കാൻ സംസ്ഥാനത്തിന് സാധ്യമാകാത്തത് പദ്ധതി പ്രവർത്തനങ്ങൾക്ക് വിഘാതമായിട്ടുണ്ടോ ;

(ഇ) എങ്കിൽ അത് എന്താണെന്നും ആയതു സാധ്യമാകാത്തത് എന്തുകൊണ്ടെന്നും വ്യക്മാക്കുമോ ?

### ഉത്തരം

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

(എ) (ബി) (സി) (ഡി) & (ഇ) കൊച്ചിയിൽ നിന്നും കൂറ്റനാട് വഴി മംഗലാപുരത്തേയ്ക്കും ബാംഗ്ലൂരിലേയ്ക്കും നീളുന്ന പ്രകൃതിവാതക പൈപ്പ്ലൈൻ പദ്ധതി, കേന്ദ്രപൊതുമേഖലാ സ്ഥാപനമായ ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് (GAIL) ആണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ഈ പദ്ധതിയ്ക്കായി സംസ്ഥാനത്തിന് പ്രത്യേക കേന്ദ്ര സഹായം വിഭാവനം ചെയ്തിട്ടില്ല. കൂടാതെ പ്രസ്തുത പദ്ധതി നിർവ്വഹണത്തിൽ സംസ്ഥാന സർക്കാരിന് നേരിട്ടു ബന്ധമില്ല.. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുകയും GAIL ന് വേണ്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയും ചെയ്യുക എന്നതാണ് സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൽ ചെയ്യുവാനുള്ളത്. പൈപ്പ് ലൈൻ പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായിട്ടുണ്ട്. എറണാകുളം ജില്ലയിൽ 43 കി.മീ. ദൂരം പൈപ്പ് ലൈൻ സ്ഥാപിച്ചു കഴിഞ്ഞു. പദ്ധതിയുടെ രണ്ടാം ഘട്ടം ഉൾപ്പെടുന്ന മലപ്പുറം, കോഴിക്കോട് എന്നീ

ജില്ലകളിൽ തദ്ദേശവാസികളുടെ ശക്തമായ എതിർപ്പും പ്രക്ഷോഭവും മൂലം പദ്ധതിയുടെ പ്രവർത്തനം ഏതാണ്ട് നിർത്തിവച്ച അവസ്ഥയിലായിരുന്നു. പദ്ധതിയുടെ സുരക്ഷിതത്വത്തെപ്പറ്റി ജനങ്ങൾക്കുള്ള ആശങ്കയും പൈപ്പിടൽ നടപടികൾക്കായി വിട്ടുനൽകേണ്ടി വരുന്ന ഭൂമിയുടെ ന്യായ വില സംബന്ധിച്ചുള്ള തർക്കവുമാണ് ജനങ്ങളുടെ എതിർപ്പിന് കാരണമായിട്ടുള്ളത്. ഒരു ഘട്ടത്തിൽ പദ്ധതിയുടെ നടത്തിപ്പിൽ നിന്നും GAIL പിൻമാറുമെന്ന അവസ്ഥവരെയുണ്ടായി. എന്നാൽ ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി യാഥാർത്ഥ്യമാവുന്നതിലൂടെ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ഉത്തമബോധ്യമുള്ളതുകൊണ്ട് സംസ്ഥാന സർക്കാരിന്റെ പരിശ്രമഫലമായി GAIL നെ അനുനയിപ്പിക്കുന്നതിൽ വിജയിക്കുകയും, പദ്ധതിയുമായി മുന്നോട്ട് പോകുവാൻ GAIL സമ്മതിക്കുകയും ചെയ്തു.

ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി യാഥാർത്ഥ്യമാക്കുവാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഗെയിൽ അധികൃതർ നേരിട്ടും സർക്കാർ വകുപ്പുകൾ വിവിധ NGO കൾ മുഖാന്തിരവും നിരന്തരം ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ച് പദ്ധതിയെക്കുറിച്ചുള്ള ജനങ്ങളുടെ ആശങ്ക അകറ്റുവാൻ സർക്കാർ പരിശ്രമിക്കുന്നുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന നടപടികൾ ഏകോപിപ്പിക്കുന്നതിനായി ചീഫ്

സെക്രട്ടറി അദ്ധ്യക്ഷനായും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൈപ്പ് ലൈൻ കടന്നുപോകുന്ന 7 ജില്ലകളിലെ കളക്ടർമാർ, ഗെയിൽ, പെട്രോനെറ്റ് LNG എന്നിവയിലെ പ്രതിനിധികൾ, പ്ലാനിംഗ് ബോർഡ് അംഗം ശ്രീ.ജി.വിജയരാഘവൻ എന്നിവർ അംഗങ്ങളായി ഒരു ഉന്നതതല സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി സമയാസമയം യോഗം ചേരുകയും, പൈപ്പ് ലൈൻ പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. സമിതി യുടെ പ്രവർത്തനഫലമായി പദ്ധതിയുടെ നടത്തിപ്പിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

[signature]

സെക്ഷൻ ഓഫീസർ